# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ: 0481-2733370


## വാർത്താക്കുറിപ്പ്

**2024 ജനുവരി 20**

---

## യു3എയ്ക്കു കീഴിൽ ജെറിയാട്രിക് ഗവേഷണ പദ്ധതികൾ പരിഗണനയിൽ-വൈസ് ചാൻസലർ

യൂണിവേഴ്സിറ്റി ഓഫ് ദ തേഡ് ഏജിൻറെ മഹാത്മാ ഗാന്ധി സർവകലാശാലാ യൂണിറ്റിനു കീഴിൽ മുതിർന്ന പൗരൻമാർക്ക് ഗുണകരമാകുന്ന ഗവേഷണ പ്രവർത്തനങ്ങൾ നടത്തുന്നത് പരിഗണിക്കുമെന്ന് വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ പറഞ്ഞു. യു3എയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച സെമിനാർ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

മുതിർന്നവരുടെ അറിവും വൈദഗ്ധ്യവും സമൂഹത്തിനായി പ്രയോജനപ്പെടുത്തുന്നതിനും അവർക്ക് മികച്ച ജീവിതാന്തരീക്ഷം ഉറപ്പാക്കുന്നതിനും നമ്മുടെ നാട്ടിലെ സാഹചര്യങ്ങൾകൂടി കണക്കിലെടുത്തുള്ള ഏറെ പഠനങ്ങൾ നടക്കേണ്ടതുണ്ട്. ഇക്കാര്യത്തിൽ നിർണായകമായ സംഭാവന നൽകാൻ യു3എയ്ക്ക് കഴിയും. മുതിർന്നവരെ ജീവിതത്തിൻറെ സന്തോഷകരമായ മൂന്നാം ഘട്ടത്തിലേക്ക് നയിക്കുന്ന യു3എയുടെ പ്രവർത്തനം അടുത്ത അഞ്ചു വർഷത്തിനുള്ളിൽ പരമാവധി വിപുലീകരിക്കാൻ ശ്രമിക്കണം-അദ്ദേഹം നിർദേശിച്ചു.

യു3എ അംഗം പാലക്കാട് സ്വദേശി പ്രേം കുമാർ എഴുതിയ പുസ്തകം, അഡ്വ. ഗീത സാരസ് എഴുതിയ കരുത്തിന്റെ കയ്യൊപ്പുകൾ എന്ന പുസ്തകത്തിന്റെ രണ്ടാം പതിപ്പ്, ഡോ. സി. തോമസ് ഏബ്രഹാം തയ്യാറാക്കിയ ഗീതാഞ്ജലിയുടെ പരിഭാഷ എന്നിവ വൈസ് ചാൻസലർ പ്രകാശനം ചെയ്തു. വിവിധ ജില്ലാ യൂണിറ്റുകളുടെ ഇ മാഗസിനുകളുടെ പ്രകാശനവും ഇതോടനുബന്ധിച്ചു നടന്നു.

ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ഡിസെബിലിറ്റി സ്റ്റഡീസ് ഡയറക്ടർ ഡോ. പി.ടി. ബാബുരാജ് അധ്യക്ഷത വഹിച്ച ചടങ്ങിൽ ടി.സി.ഐ ടി.സി.ഐ അന്തർദേശീയ ഫെസിലിറ്റേറ്റർ പ്രഫ. മത്തിയാസ് ഷേറർ മുഖ്യ പ്രഭാഷണം നടത്തി. സിൻഡിക്കേറ്റ് അംഗം ഡോ. എ. ജോസ്, ഡോ. ടോണി തോമസ്, ഡോ. കെ.ആർ.ബൈജു, ഡോ. സി. തോമസ് ഏബ്രഹാം, ഡോ. ഗ്രേസമ്മ മാത്യു തുടങ്ങിയവർ പങ്കെടുത്തു.

**ഫോട്ടോ ക്യാപ്ഷൻ...**

യൂണിവേഴ്സിറ്റി ഓഫ് ദ തേഡ് ഏജിന്റെ ആഭിമുഖ്യത്തിൽ മഹാത്മാ ഗാന്ധി സർവകലാശാലയിൽ സംഘടിപ്പിച്ച സെമിനാർ വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ ഉദ്ഘാടനം ചെയ്യുന്നു.
ഡോ. ഗ്രേസമ്മ മാത്യു, ഡോ. പി.ടി. ബാബുരാജ്, ഡോ. എ. ജോസ്, പ്രഫ. മത്തിയാസ് ഷേറർ, ഡോ. കെ.ആർ. ബൈജു, ഡോ. സി. തോമസ് ഏബ്രഹാം, ഡോ. ടോണി തോമസ് എന്നിവർ സമീപം.

(പി.ആർ.ഒ/39/75/2024)

## പരീക്ഷകൾക്ക് അപേക്ഷിക്കാം

ഫെബ്രുവരി 13ന് ആരംഭിക്കുന്ന രണ്ടാം വർഷ എം.എസ്.സി മെഡിക്കൽ അനാട്ടമി(2021 അഡ്മിഷൻ റഗുലർ, 2017-2020 വരെ അഡ്മിഷനുകൾ സപ്ലിമെൻററി, 2016 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2015 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്, 2014 അഡ്മിഷൻ മൂന്നാം മെഴ്സി ചാൻസ്) പരീക്ഷകൾക്ക് ജനുവരി 29 വരെ ഫീസ് അടച്ച് അപേക്ഷ നൽകാം.

ജനുവരി 30ന് ഫൈനോടു കൂടിയും ജനുവരി 31ന് സൂപ്പർ ഫൈനോടു കൂടിയും അപേക്ഷ സ്വീകരിക്കും. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.

.......................

രണ്ടാം സെമസ്റ്റർ ഐഎംസിഎ(2022 അഡ്മിഷൻ റഗുലർ, 2017 മുതൽ 2021 വരെ അഡ്മിഷനുകൾ സപ്ലിമെൻററി), രണ്ടാം സെമസ്റ്റർ ഡിഡിഎംസിഎ(2016 അഡ്മിഷൻ സപ്ലിമെൻററി, 2014,2015 അഡ്മിഷനുകൾ മെഴ്സി ചാൻസ്) പരീക്ഷകൾക്ക് ഫെബ്രുവരി ഒന്നു വരെ ഫീസ് അടച്ച് അപേക്ഷ സമർപ്പിക്കാം.

ഫെബ്രുവരി രണ്ടിന് ഫൈനോടു കൂടിയും ഫെബ്രുവരി മൂന്നിന് സൂപ്പർ ഫൈനോടു കൂടിയും അപേക്ഷ സ്വീകരിക്കും. കൂടുതൽ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/76/2024)

## പ്രാക്ടിക്കൽ

മൂന്നാം സെമസ്റ്റർ എം.എസ്.സി ബോട്ടണി(2022 അഡ്മിഷൻ റഗുലർ, 2019,2020,2021 അഡ്മിഷനുകൾ സപ്ലിമെൻററി നവംബർ 2023) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഫെബ്രുവരി ഒന്നു മുതൽ വിവിധ കേന്ദ്രങ്ങളിൽ നടക്കും. ടൈം ടേബിൾ സർവകലാശാലാ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/77/2024)

## പരീക്ഷാ ഫലം

കഴിഞ്ഞ വർഷം ജൂലൈയിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എസ്.സി

സ്റ്റാറ്റിസ്റ്റിക്സ് വിത്ത് ഡേറ്റാ സയൻസ്(2022 അഡ്മിഷൻ പിജിസിഎസ്എസ് റഗുലർ, 2020,2021 അഡ്മിഷൻ സപ്ലിമെൻററി) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് ഫെബ്രുവരി മൂന്നു വരെ ഓൺലൈനിൽ അപേക്ഷ സമർപ്പിക്കാം.

........................

ജൂലൈയിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എസ്.സി ഹോം സയൻസ് ബ്രാഞ്ച് 10(എ) ചൈൽഡ് ഡെവലപ്മെൻറ്, ബ്രാഞ്ച് 10(ഡി) ഫാമിലി കമ്മ്യൂണിറ്റി സയൻസ്, എം.എസ്.സി കമ്പ്യൂട്ടർ സയൻസ് (റഗുലർ,സപ്ലിമെൻററി,ഇംപ്രൂവ്മെൻറ്) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് ഫെബ്രുവരി അഞ്ചു വരെ ഓൺലൈനിൽ അപേക്ഷ സമർപ്പിക്കാം.

...........................

രണ്ടാം സെമസ്റ്റർ എം.എസ്.സി സൈക്കോളജി(റിവൈസ്ഡ്)(2022 അഡ്മിഷൻ റഗുലർ, 2021 അഡ്മിഷൻ ഇംപ്രൂവ്മെൻറുംസപ്ലിമെൻററിയും, 2019,2020 അഡ്മിഷനുകൾ സപ്ലിമെൻററി - ജൂലൈ 2023) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് ഫെബ്രുവരി അഞ്ചു വരെ ഓൺലൈനിൽ അപേക്ഷ സമർപ്പിക്കാം.

...........................

രണ്ടാം പിജിസിഎസ്എസ് എം.എസ്.സി മാത്തമാറ്റിക്സ്(2022 അഡ്മിഷൻ റഗുലർ, 2021 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2019,2020,2021 അഡ്മിഷൻ സപ്ലിമെൻററി - ജൂലൈ 2023) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് ഫെബ്രുവരി അഞ്ചു വരെ ഓൺലൈനിൽ അപേക്ഷ സമർപ്പിക്കാം.

...........................

കഴിഞ്ഞ മാർച്ചിൽ നടത്തിയ മൂന്നും നാലും സെമസ്റ്ററുകൾ പ്രൈവറ്റ് എം.എ ഹിസ്റ്ററി, എം.എ ഇക്കണോമിക്സ്(2020 അഡ്മിഷൻ റഗുലർ, 2019 അഡ്മിഷൻ സപ്ലിമെൻററി) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് ഫെബ്രുവരി അഞ്ചു വരെ ഓൺലൈനിൽ അപേക്ഷ സമർപ്പിക്കാം.

(പി.ആർ.ഒ/39/78/2024)

**പബ്ലിക് റിലേഷൻസ് ഓഫീസർ**